# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 14.02.2026** **TIME : 07.25 AM**

### പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് അസം സന്ദർശിക്കും. ഗുവാഹത്തിയിൽ വിവിധ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കും.

   **Prime Minister Narendra Modi will visit Assam today. Various development projects will be launched in Guwahati.**

2. ഇന്ത്യ- **AI** ഇംപാക്ട് ഉച്ചകോടിക്ക് മറ്റന്നാൾ ന്യൂഡൽഹിയിൽ തുടക്കമാകും. നിരവധി ലോകനേതാക്കൾ ഉച്ചകോടിയിൽ പങ്കെടുക്കും.

   **India-AI Impact Summit will begin the day after tomorrow in New Delhi. Many world leaders will participate in the summit.**

3. എല്ലാ സ്വതന്ത്ര വ്യാപാര കരാറുകളിലും കർഷകരുടെയും ക്ഷീരമേഖലയുടെയും എംഎസ്എംഇകളുടെയും താൽപ്പര്യം ഇന്ത്യ സംരക്ഷിച്ചുവെന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ.

   **Union Minister Piyush Goyal said that India has protected the interests of farmers, dairy sector and MSMEs in all free trade agreements.**

4. ഇന്ത്യയുടെ ടൂറിസം ആവാസവ്യവസ്ഥയുടെ ബഹുമുഖ വളർച്ചാ എഞ്ചിനാണ് **ITDC** എന്ന് കേന്ദ്രമന്ത്രി ഗജേന്ദ്ര സിംഗ് ശെഖാവത്ത്.

   **Union Minister Gajendra Singh Shekhawat said that ITDC as a multidimensional growth engine of India's tourism ecosystem.**

5. കൊല്ലം റെയിൽവേ സ്റ്റേഷനിലെ പുതിയ ബഹുനില കാർ പാർക്കിങ് കേന്ദ്രത്തിന്റെ ഉദ്ഘാടനം ഇന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി നിർവ്വഹിക്കും.

   **Union Minister of State Suresh Gopi will inaugurate the new multi-storey car parking center at Kollam Railway Station today.**

6. ഐസിസി ടി20 ക്രിക്കറ്റ് ലോകകപ്പിൽ നെതർലൻഡ്സിനെതിരെ അമേരിക്കക്ക് വിജയം. ഇന്ത്യൻ സൂപ്പർ ലീഗ് പന്ത്രണ്ടാം സീസണ് ഇന്ന് തുടക്കം.

USA wins against Netherlands in ICC T20 Cricket World Cup. Indian Super League 12th season starts today.

&&&&&&&&&&&&&&&&&&&

## ASSAM – PM VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് അസം സന്ദർശിക്കും. രാവിലെ ദിബ്രുഗഡ് ജില്ലയിലെ മൊറാൻ ബൈപാസിൽ സജ്ജമാക്കിയ എമർജൻസി ലാൻഡിംഗ് ഫെസിലിറ്റിയിൽ യുദ്ധവിമാനങ്ങൾ, ഹെലികോപ്റ്ററുകൾ എന്നിവയുടെ ആകാശ പ്രദർശനം അദ്ദേഹം വീക്ഷിക്കും. അടിയന്തര ഘട്ടങ്ങളിൽ സൈനിക, സിവിൽ വിമാനങ്ങൾ ലാൻഡ് ചെയ്യുന്നതിനായി വ്യോമസേനയുമായി ഏകോപിപ്പിച്ച് നിർമ്മിച്ച വടക്കുകിഴക്കൻ ഇന്ത്യയിലെ ഇത്തരത്തിലുള്ള ആദ്യത്തെ കേന്ദ്രമാണിത്. ഉച്ചയ്ക്ക് ശേഷം ഗുവാഹത്തിയിൽ 5,450 കോടി രൂപയിലധികം ചെലവ് വരുന്ന വിവിധ പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കം കുറിക്കും.

&&&&&&&&&&&&&&&&&&&

## PM-ET SUMMIT

നിരവധി ആഗോള വെല്ലുവിളികൾക്കിടയിലും, കഴിഞ്ഞ പത്തു വർഷത്തിൽ ഇന്ത്യ അഭൂതപൂർവമായ വികസനത്തിനാണ് സാക്ഷ്യം വഹിച്ചതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിൽ ഒരു മാധ്യമ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കൂടുതൽ ഗ്രാമീണ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായാണ് രാജ്യത്ത് VB ജി റാം ജി ബിൽ കൊണ്ടുവന്നതെന്നും പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&

## INDIA AI SUMMIT (INTRO )

ഇന്ത്യ- AI ഇംപാക്ട് ഉച്ചകോടിക്കൊരുങ്ങി ന്യൂഡൽഹി. ഈ മാസം 16 മുതൽ 20 വരെയാണ് ഉച്ചകോടി. ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോ, ബ്രസീൽ പ്രസിഡന്റ് ലൂയിസ് ഇനാസിയോ ലുല ഡ സിൽവ, ശ്രീലങ്കൻ പ്രസിഡന്റ് അനുര കുമാര ദിസനായകെ തുടങ്ങി നിരവധി

ലോകനേതാക്കൾ ഉച്ചകോടിയിൽ പങ്കെടുക്കുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

**വിശദാംശങ്ങളിലേക്ക്......**

**( വോയിസ്.....)**

## INDIA AI SUMMIT (VOICE)

നിർമിതബുദ്ധി മേഖലയിലെ സഹകരണം ലക്ഷ്യമിട്ട്, 'ജനങ്ങൾ, ഭൂമി, വികസനം' എന്നീ മൂന്ന് പ്രമേയങ്ങളിലൂന്നിയാണ് ഇന്ത്യ-AI ഇംപാക്ട് ഉച്ചകോടി സംഘടിപ്പിക്കുന്നത്. നിർമിത ബുദ്ധിയുടെ ഭാവി സംബന്ധിച്ച് ഉച്ചകോടി ചർച്ച ചെയ്യും. നെതർലാൻഡ്സ്, ഗ്രീസ്, ഭൂട്ടാൻ, മൗറീഷ്യസ് തുടങ്ങിയ രാജ്യങ്ങളിലെ പ്രധാനമന്ത്രിമാർ, സ്പെയിൻ പ്രസിഡന്റ്, അബുദാബി കിരീടാവകാശി ഷെയ്ഖ് ഖാലിദ് ബിൻ മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ തുടങ്ങിയവരും ഉച്ചകോടിയിൽ പങ്കെടുക്കാനെത്തും. ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറൽ, 45 ലധികം രാജ്യങ്ങളിൽ നിന്നുള്ള മന്ത്രിതല പ്രതിനിധികൾ, അന്താരാഷ്ട്ര സംഘടനകളിൽ നിന്നുള്ള മുതിർന്ന ഉദ്യോഗസ്ഥർ എന്നിവരും പരിപാടിയുടെ ഭാഗമാകും. യുഎസ് ചേംബർ ഓഫ് കൊമേഴ്സും യുഎസ്-ഇന്ത്യ ബിസിനസ് കൗൺസിലും നയിക്കുന്ന ഉന്നതതല സംഘവും എഐ ഉച്ചകോടിയിൽ പങ്കെടുക്കും.

**ന്യൂസ്ഡെസ്ക് ആകാശവാണി............**

&&&&&&&&&&&&&&&&&&&

## GOYAL-FTA

ഓസ്ട്രേലിയ, ന്യൂസിലാൻഡ്, യുകെ, യൂറോപ്യൻ യൂണിയൻ, നാല് രാജ്യങ്ങൾ അടങ്ങിയ EFTA, യുഎസ് എന്നിവയുമായി സ്വതന്ത്ര വ്യാപാര കരാർ അന്തിമമാക്കിയിട്ടുള്ള ഏക രാജ്യം ഇന്ത്യയാണെന്ന് കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ. എല്ലാ FTAകളിലും കർഷകരുടെയും ക്ഷീരമേഖലയുടെയും എംഎസ്എംഇകളുടെയും താൽപ്പര്യം ഇന്ത്യ സംരക്ഷിച്ചുവെന്ന് ഇന്നലെ ന്യൂഡൽഹിയിൽ നടന്ന ഒരു പരിപാടിയിൽ സംസാരിക്കവെ അദ്ദേഹം പറഞ്ഞു. ആഗോള സമ്പദ്‌വ്യവസ്ഥയുടെ മൂന്നിൽ രണ്ട് ഭാഗവും ഉൾക്കൊള്ളുന്ന ഒമ്പത് FTAകൾക്ക് കീഴിൽ 38 രാജ്യങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&&

## HARYANA-PM e BUS SEWA

പ്രധാനമന്ത്രി ഇ-ബസ് സേവാ പദ്ധതിയുടെ കീഴിലുള്ള പുതിയ ഇലക്ട്രിക് ബസുകൾ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് സെക്ടർ 43 ഐഎസ്ബിടി ചണ്ഡീഗഡിൽ വെർച്വലായി ഫ്ലാഗ് ഓഫ് ചെയ്യും. പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകയിൽ 169 നഗരങ്ങളിലായി 10,000 ഇലക്ട്രിക് ബസുകൾ വിന്യസിക്കുന്നതിനായി 2023 ഓഗസ്റ്റിൽ ആരംഭിച്ച കേന്ദ്ര സർക്കാർ സംരംഭമാണ് പിഎം-ഇബസ് സേവാ പദ്ധതി. സംഘടിത ബസ് സർവീസുകൾ ഇല്ലാത്ത നഗരങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന പദ്ധതിയുടെ ലക്ഷ്യം, ഡിപ്പോ അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെ, ഹരിത നഗര മൊബിലിറ്റി വർദ്ധിപ്പിക്കുക എന്നതാണ്.

&&&&&&&&&&&&&&&&&&&

## PIYUSH GOYAL- RAHUL GANDHI

ഇന്ത്യ-യുഎസ് വ്യാപാര കരാർ സംബന്ധിച്ച് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ഉന്നയിച്ച ആരോപണങ്ങളെ നിഷേധിച്ച് വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ. ശ്രീ രാഹുൽ ഗാന്ധി പങ്കിട്ട വീഡിയോയ്ക്ക് മറുപടി പറയവേ, കർഷക പ്രതിനിധികളായി വേഷമിടുന്ന പാർട്ടി പ്രവർത്തകർക്കൊപ്പമാണ് കോൺഗ്രസ് നേതാവ് ആരോപണങ്ങൾ ഉന്നയിച്ചതെന്ന് ശ്രീ ഗോയൽ ഒരു സാമൂഹ്യ മാദ്ധ്യമ പോസ്റ്റിൽ പറഞ്ഞു. പരിധിയില്ലാത്ത ഇറക്കുമതി സർക്കാർ അനുവദിച്ചിട്ടില്ലെന്നും നിലവിലുള്ള ഇറക്കുമതി നിലവാരത്തേക്കാൾ കുറഞ്ഞ ക്വാട്ട മാത്രമേ ഏർപ്പെടുത്തിയിട്ടുള്ളൂവെന്നും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&

## PM SEWA TEERTH

പ്രധാനമന്ത്രിയുടെ ഓഫീസ് ഉൾപ്പെടെ സ്ഥിതി ചെയ്യുന്ന പുതിയ സംയോജിത സമുച്ചയമായ സേവ തീർത്ഥ് പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്തു. സുപ്രധാന മന്ത്രാലയങ്ങളെ ഉൾക്കൊള്ളുന്ന കർത്തവ്യ ഭവൻ ഒന്നിൻറെയും രണ്ടിൻറെയും ഔദ്യോഗിക ഉദ്ഘാടനവും പ്രധാനമന്ത്രി ഇന്നലെ നിർവഹിച്ചു. പ്രധാനമന്ത്രിയുടെ ഓഫീസ്, ദേശീയ സുരക്ഷാ കൗൺസിൽ സെക്രട്ടേറിയറ്റ്, കാബിനറ്റ് സെക്രട്ടേറിയറ്റ്, പ്രധാനപ്പെട്ട

മന്ത്രാലയങ്ങൾ തുടങ്ങിയവയാണ് സേവാ തീർത്ഥിൽ പ്രവർത്തിക്കുന്നത്.

&&&&&&&&&&&&&&&&&&&&

## PARLIAMENT

ബജറ്റ് സമ്മേളനത്തിൻറെ ആദ്യ ഘട്ടം പൂർത്തിയാക്കി പാർലമെൻറിൻറെ ഇരുസഭകളും ഇന്നലെ പിരിഞ്ഞു. രണ്ടാം ഘട്ടം അടുത്ത മാസം 9 ന് ആരംഭിക്കും. കഴിഞ്ഞ മാസം 28 ന് രാഷ്ട്രപതി ദ്രൗപദി മുർമു ഇരുസഭകളുടെയും സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ടാണ് സമ്മേളനത്തിന് തുടക്കം കുറിച്ചത്. ബജറ്റ് സമ്മേളനത്തിന്റെ രണ്ടാം ഘട്ടം മാർച്ച് 9 മുതൽ ഏപ്രിൽ 2 വരെ നടക്കും.

&&&&&&&&&&&&&&&&&&&&

## SHEKHAWAT- ITDC (INTRO)

ഇന്ത്യയുടെ ടൂറിസം, ആവാസവ്യവസ്ഥയുടെ ബഹുമുഖ വളർച്ചാ എഞ്ചിനാണ് ITDC എന്ന് കേന്ദ്ര ടൂറിസം മന്ത്രി ഗജേന്ദ്ര സിംഗ് ശെഖാവത്ത്. ന്യൂഡൽഹിയിൽ ഇന്ത്യ ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷന്റെ 60-ാം വാർഷികാഘോഷത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. അശോക് ഹോട്ടലിന്റെ 70-ാം വാർഷിക പരിപാടിയും ഇതോടൊപ്പം നടന്നു.

( വോയിസ്....)

ടൂറിസം പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ആയിരത്തി അഞ്ഞൂറ് ഗോത്രവർഗ ഹോംസ്റ്റേ ഓപ്പറേറ്റർമാർക്ക് പരിശീലനം നൽകുമെന്ന് കേന്ദ്ര മന്ത്രി ജുവൽ ഓറം ചടങ്ങിൽ അറിയിച്ചു. ടൂറിസം സഹമന്ത്രി സുരേഷ് ഗോപി ഐടിഡിസി വജ്രജൂബിലിക്ക് ആശംസകൾ നേർന്നു.

&&&&&&&&&&&&&&&&&&&&

## AMRIT BHARAT STATION

കൊല്ലം റെയിൽവേ സ്റ്റേഷനിലെ പുതിയ ബഹുനില കാർ പാർക്കിങ് കേന്ദ്രത്തിന്റെ ഉദ്ഘാടനം കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഇന്ന് വൈകുന്നേരം നിർവഹിക്കും. അമൃത് ഭാരത് സ്റ്റേഷൻ പദ്ധതിക്ക് കീഴിൽ 30 കോടിയോളം രൂപ ചെലവഴിച്ച് നവീകരിച്ചതാണ് ഈ കേന്ദ്രം.

&&&&&&&&&&&&&&&&&&&&

## CABINET DECISION

കേരളത്തിൽ അടുത്ത 25 വർഷത്തെ വികസന ദിശ നിർണയിക്കുന്നതിന് സർക്കാർ രൂപീകരിച്ച നഗര നയത്തിന് ഇന്നലെ ചേർന്ന മന്ത്രിസഭാ യോഗം അംഗീകാരം നൽകി. രാജ്യത്ത് ആദ്യമായി നഗര നയം തയ്യാറാക്കുന്ന സംസ്ഥാനമാണ് കേരളം. സംസ്ഥാനത്ത് ഗ്രഫീൻ ആവാസ വ്യവസ്ഥയെ പ്രോത്സാഹിപ്പിക്കുന്ന കേരള ഗ്രഫീൻ പോളിസിക്കും മന്ത്രിസഭാ യോഗത്തിൽ അംഗീകാരം നൽകി.

&&&&&&&&&&&&&&&&&&&

## SIR

കേരളത്തിൽ തീവ്ര വോട്ടർപ്പട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട് ഹിയറിംഗ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലേക്ക്. 122 നിയോജക മണ്ഡലങ്ങളിൽ ഇതിനോടകം ഹിയറിങ്ങ് പൂർത്തിയായതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ അറിയിച്ചു. ഹിയറിങ്ങ് അവശേഷിക്കുന്ന 16 നിയോജകമണ്ഡലങ്ങൾ ഉടനെ തന്നെ നടപടികൾ പൂർത്തീകരിക്കുന്നതിനു ആവശ്യമായ നിർദേശം നൽകിയിട്ടുണ്ട്. ഈ മാസം 21-നാണ് അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുക.

&&&&&&&&&&&&&&&&&&&

## WB ECI

SIR പ്രക്രിയയുമായി ബന്ധപ്പെട്ട എല്ലാ രേഖകളും കൃത്യമായി അപ്‌ലോഡ് ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കാൻ പശ്ചിമ ബംഗാളിലെ ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർമാർക്ക് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദേശം നൽകി. ഈ മാസം 16 ന് വൈകുന്നേരം 5 മണിക്ക് മുൻപായി ഹിയറിങ് ഘട്ടത്തിൽ ജനങ്ങൾ സമർപ്പിച്ച രേഖകളുടെ സൂക്ഷ്മപരിശോധന പൂർത്തിയാക്കണമെന്നും കമ്മീഷൻ നിർദേശിച്ചു. SIR നടപടികൾ അവലോകനം ചെയ്യുന്നതിനായി ചേർന്ന യോഗത്തിലാണ് നിർദേശം.

&&&&&&&&&&&&&&&&&&&

## US-IRAN MILITARY

ഇറാനിൽ സംഭവിക്കാവുന്ന ഏറ്റവും നല്ല വിഷയം അധികാര മാറ്റമാണെന്ന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. നോർത്ത്

കരോലിനയിലെ ഫോർട്ട് ബ്രാഗിൽ സൈനികരുമായി സംവദിച്ച ശേഷമായിരുന്നു ട്രംപിന്റെ പ്രസ്താവന. അതേസമയം, ഗാസ മുനമ്പിലെ ഇസ്രായേൽ-ഹമാസ് സംഘർഷം ശമിച്ച സാഹചര്യത്തിൽ മേഖലയിലുണ്ടാകുന്ന ഏതൊരു ആക്രമണവും മറ്റൊരു പ്രാദേശിക സംഘർഷത്തിലേക്ക് നയിക്കുമെന്ന് ഗൾഫ് അറബ് രാജ്യങ്ങൾ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&

## CRICKET - T20 WORLD CUP

ഐസിസി പുരുഷ ടി20 ക്രിക്കറ്റ് ലോകകപ്പിൽ ഇന്നലെ രാത്രി ചെന്നൈയിൽ നടന്ന മത്സരത്തിൽ അമേരിക്ക നെതർലൻഡ്സിനെ 93 റൺസിന് പരാജയപ്പെടുത്തി. ആദ്യം ബാറ്റ് ചെയ്ത യുഎസ്എ നിശ്ചിത 20 ഓവറിൽ 6 വിക്കറ്റ് നഷ്ടത്തിൽ 196 റൺസ് നേടി. മറുപടി ബാറ്റിംഗിൽ നെതർലൻഡ്സ് 103 റൺസിന് പുറത്താകുകയായിരുന്നു. ഇന്നത്തെ മത്സരങ്ങളിൽ അയർലൻഡ് - ഒമാനെയും, ഇംഗ്ലണ്ട് -സ്കോട്ട്ലൻഡിനെയും ന്യൂസിലൻഡ് - ദക്ഷിണാഫ്രിക്കയെയും നേരിടും.

&&&&&&&&&&&&&&&&&&&&

## INDIAN SUPER LEAGUE

ഇന്ത്യൻ സൂപ്പർ ലീഗ് പന്ത്രണ്ടാം സീസണ് ഇന്ന് കൊൽക്കത്തയിൽ തുടക്കമാകും. ഉദ്ഘാടന മത്സരത്തിൽ കേരള ബ്ലാസ്റ്റേഴ്സ് നിലവിലെ ചാമ്പ്യൻമാരായ മോഹൻ ബഗാനെ നേരിടും. വൈകിട്ട് അഞ്ചിനാണ് മത്സരം. ഇന്നത്തെ രണ്ടാം മത്സരത്തിൽ എഫ് സി ഗോവ- ഇൻറർ കാശി എഫ് സിയെ നേരിടും. ഗോവയിൽ രാത്രി 7.30 നാണ് മത്സരം.

&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&

&&&&&&&&&&&&&